**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3239** **01-03-2023 - ൽ മറുപടിയ്ക്ക്**

**പുതിയ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പുതിയ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ധനവകുപ്പിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പുതിയ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനു പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുള്ള ശിപാർശ പരിശോധിച്ചു വരുന്ന പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പിലെ (ജെ.ആർ) 1/17/2022/പൊ.വി.വ നമ്പർ ഫയൽ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ബി) | പുതുതായി സൃഷ്ടിക്കേണ്ടി വരുന്ന പ്രസ്തുത തസ്തികകളുടെ വിശദാംശം നൽകുമോ; | (ബി) | സർക്കാർ മേഖലയിൽ 1069 സ്കൂളുകളിൽ സമന്വയ മുഖാന്തിരം 2938 അധിക തസ്തികകളും, മാനുവൽ ആയി 37 സ്കൂളുകളിൽ 142 അധിക തസ്തികകളും എന്നിങ്ങനെ ആകെ 1106 സ്കൂളുകളിലായി 3080 അധിക തസ്തികകളുടെയും എയ്ഡഡ് മേഖലയിൽ 1198 സ്കൂളുകളിൽ സമന്വയ മുഖാന്തിരം 2878 അധിക തസ്തികകളും, മാനുവൽ ആയി 9 സ്കൂളുകളിൽ 47 അധിക തസ്തികകളും എന്നിങ്ങനെ ആകെ 1207 സ്കൂളുകളിലായി 2925 അധിക തസ്തികകളുടെയും ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആകെ 2313 സ്കൂളുകളിലായി 6005 തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുള്ളത്. |
| (സി) | അനദ്ധ്യാപക തസ്തികകളിൽ ഈ അദ്ധ്യയന വർഷം തന്നെ നിയമനം നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (സി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ